മലയാള മനോരമ

16 July 2022

# ഐസിഎആർ പുരസ്കാരങ്ങൾ നേടി സിഎംഎഫ്ആർഐ

കൊച്ചി ● ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) 2 ദേശീയ പുരസ്കാരങ്ങൾ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സ്വന്തമാക്കി. മികച്ച വാർഷിക റിപ്പോർട്ട്, മികച്ച ഗവേഷണ പ്രബന്ധം എന്നിവയ്ക്കുള്ള പുരസ്കാരങ്ങളാണു ലഭിച്ചത്. ഡോ. എം. അനുശ്രീയുടേതാണു പ്രബന്ധം. കടൽ പായലിൽനിന്നു വേർതിരിച്ചെടുക്കുന്ന ജൈവസംയുക്തങ്ങളുടെ ഔഷധമൂല്യം സംബന്ധിച്ചായിരുന്നു ഗവേഷണം.